# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1481** **10.02.2020 ൽ മറുപടിയ്ക്ക്**

**കേരഗ്രാമം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ പി. | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കേരഗ്രാമം പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകളിൽ ഈ രംഗത്ത് വന്നിട്ടുള്ള പ്രകടമായ മാറ്റങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതി സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | എ) ഉണ്ട്. തെങ്ങിന്റെ ഇടവിളകൃഷി വർദ്ധിപ്പിക്കുവാനും ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് നാളികേരത്തിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുവാനും കേരഗ്രാമം പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. തെങ്ങുകയറ്റ യന്ത്രങ്ങൾ ലഭ്യമാക്കിയതിലൂടെ തെങ്ങുകയറ്റ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കാനും കൃത്യസമയത്ത് വിളവെടുപ്പ് നടത്തുവാനും സാധിക്കുന്നുണ്ട്. ജൈവവള യൂണിറ്റുകൾ പദ്ധതി പ്രകാരം ആരംഭിക്കുകയും ജൈവവള ലഭ്യത പദ്ധതി മേഖലയിൽ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും കേരോല്പന്നങ്ങളുടെ വിപണനത്തിലൂടെ കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്താനും സാധിച്ചിട്ടുണ്ട്. സംയോജിത കീടരോഗ നിയന്ത്രണ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ തെങ്ങിനെ ബാധിക്കുന്ന കീടരോഗങ്ങളെ പ്രതിരോധിക്കുവാൻ സാധിച്ചിട്ടുണ്ട്. നാളികേര കൃഷിയുടെ അഭിവൃദ്ധിക്കായി ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ, സംയോജിത വിള പരിപാലന മുറകൾ എന്നീ ഘടകങ്ങൾ നടപ്പിലാക്കിയതിലൂടെ തെങ്ങു കൃഷി മേഖലയിൽ ഉത്തേജനം ഉണ്ടാക്കുന്നതിനും കൃഷി പരിപോഷിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കേരഗ്രാമം പദ്ധതി സംസ്ഥാനത്താകമാനം ഘട്ടം ഘട്ടമായി നടപ്പിൽ വരുത്തുകയാണ്. |

| | | | |
|---|---|---|---|
| ബി) | പലവിധ പരസ്യങ്ങളിൽ ആകർഷരായി കർഷകർ ഗുണമേന്മയില്ലാത്ത തെങ്ങിൻതൈകൾ കൃഷി ചെയ്തു വഞ്ചിക്കപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ബി) | വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | കേര കൃഷിയിൽ ഏറ്റവും പ്രധാനപ്പെട്ട ആദ്യ ചുവടു വയ്പ്പ് മെച്ചപ്പെട്ട തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും എന്നുള്ളത് കൊണ്ടുതന്നെ, ലാഭേച്ഛകൂടാതെ പ്രസ്തുത തെങ്ങിൻ തൈകൾ മാത്രം വിതരണം നടത്താൻ സാധിക്കുന്ന വിധത്തിലുള്ള നടപടികൾ സ്വീകരിക്കുമോ? | സി) | ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും ലക്ഷ്യമിട്ടുകൊണ്ട് 2019-20 വർഷത്തെ കേരസമൃദ്ധി പദ്ധതിയിലും നാളികേര വികസന കൗൺസിൽ പദ്ധതിയിലും ഉൾപ്പെടുത്തി വിത്തുതേങ്ങാ സംഭരണം നടത്തി കൃഷി വകുപ്പ് ഫാമുകളിലും കോക്കനട്ട് നഴ്സറികളിലും പാകി തെങ്ങിൻതൈ ഉല്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. |

Mayap

**സെക്ഷൻ ഓഫീസർ**